**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 867** **12-06-2024 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിൽ പ്രീമെട്രിക് ഹോസ്റ്റലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലത്തും പിണവൂർകുടിയിലും കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കാനുദ്ദേശിക്കുന്ന പ്രീമെട്രിക് ഹോസ്റ്റലുകളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച നേര്യമംഗലം ഹോസ്റ്റൽ നിർമ്മാണ പ്രവർത്തി ടെൻഡർ ചെയ്തെങ്കിലും പരിസരവാസികൾ എതിർപ്പ് പ്രകടിപ്പിച്ചതിനെ തുടർന്ന് പദ്ധതിക്കായി കണ്ടെത്തിയ സ്ഥലത്ത് കെട്ടിട നിർമ്മാണം നടന്നില്ല. പകരം കണ്ടെത്തിയ ഭൂമി നിർമ്മാണ യോഗ്യമല്ലായെന്നു ഏജൻസി അറിയിച്ചതിനെ തുടർന്ന് പ്രവർത്തി ആരംഭിച്ചിട്ടില്ല. പിണവൂർക്കുടി ഹോസ്റ്റൽ നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന് വനാവകാശ പ്രകാരമുള്ള അനുമതി ലഭിക്കുകയും എസ്റ്റിമേറ്റ് പുതുക്കുകയും ചെയ്തു. എന്നാൽ കിഫ്ബിയുടെ അനുമതി ലഭ്യമായിട്ടില്ല. |
| (ബി) | രണ്ട് ഹോസ്റ്റലുകളുടെയും നിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | സാങ്കേതിക തടസ്സം നീക്കി നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് KIIFB പദ്ധതികളുടെ Special Purpose Vehicle ആയ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനുമായി ബന്ധപ്പെട്ടു നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ